25947
6/12/17

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല – പട്ടാമ്പി താലൂക്ക് — 21/04/2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1879/17/റവ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി ആർ എഫ് ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നം. 4203/17/റവന്യൂ** **തിരുവനന്തപുരം, തീയതി: 06/10/2017**

പരാമർശം: 1. 21/04/2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1879/17/റവ
2. പാലക്കാട് ജില്ലാ കളക്ടറുടെ 15/08/2017-ലെ ഡി8/2017/24908/09 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 -ലെ സർക്കാർ ഉത്തരവിൽ ക്രമ നമ്പർ (1) പ്രകാരം പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, മേഴത്തൂർ, തൃത്താല, നജാസ് ക്വാർട്ടേഴ്സിൽ ശ്രീ.ചിലമ്പരശൻ എന്നയാൾക്ക് ഭാര്യയായ ശ്രീമതി. സബിത അപകടത്തിൽ മരണപ്പെട്ടതിന് ധനസഹായമായി 1,00,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ പരാമർശം 2-ലെ ജില്ലാ കളക്ടറുടെ കത്ത് പ്രകാരം അപേക്ഷകൻ ഭാര്യയുടെ മരണശേഷം ടിയാന്റെ രണ്ടു കുട്ടികളെയും ഉപേക്ഷിച്ച് തമിഴ്നാട്ടിലേയ്ക്ക് പോയതായും, പുനർ വിവാഹം ചെയ്തതായും, കുട്ടികൾ ഇപ്പോൾ സബിതയുടെ മാതാപിതാക്കളുടെ സംരക്ഷണയിലാണെന്നും, ശ്രീ. ചിലമ്പരശൻ ഇപ്പോൾ തമിഴ്നാട്ടിലായതിനാൽ ടിയാന് ധനസഹായം നൽകാൻ കഴിയുകയില്ല എന്നും അഥവാ നൽകിയാൽ തന്നെ തുക കുട്ടികൾക്കോ കുടുംബത്തിനോ ഉപകാരപ്പെടുകയില്ല എന്നും, ആയതിനാൽ അനുവദിച്ച തുക മരണപ്പെട്ട സബിതയുടെ കുട്ടികളുടെ പേരിൽ മാറ്റി അനുവദിച്ച് നൽകുന്നതിനും, ടി തുക മൈനറായ കുട്ടികളുടെ പേരിൽ ബാങ്ക് അക്കൌണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നതിനും അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ ക്രമ നമ്പർ (1) പ്രകാരം ശ്രീ. ചിലമ്പരശന്റെ പേരിൽ അനുവദിച്ച ധനസഹായം ടിയാന്റെ കുട്ടികളായ ദിവ്യ ചിലമ്പരശൻ (11 വയസ്സ്), വിശ്വ (9 വയസ്സ്) എന്നിവരുടെ പേരിൽ അനുവദിച്ചുകൊണ്ട് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ ഭാഗീകമായി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ജില്ലാ കളക്ടർ ടി തുക ടി കുട്ടികളുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി അതിൽ തുല്യമായി നിക്ഷേപിക്കേണ്ടതാണ്.

3) മേൽ ഭേദഗതിയോടെ പ്രസ്തുത സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സന്തോഷ് കുമാർ. ടി.കെ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ,പാലക്കാട്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് /ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പിന്. /സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Ajith

സെക്ഷൻ ഓഫീസർ